**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1285** **04-07-2022 - ൽ മറുപടിയ്ക്ക്**

**വലിയഴീക്കലിൽ പ്രത്യേക ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽപാലം കേന്ദ്രീകരിച്ച് പ്രത്യേക ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ പാലം കേന്ദ്രീകരിച്ച വിനോദ സഞ്ചാര പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ബഹു. ഹരിപ്പാട് എം. എൽ. എ. നൽകിയ 09.08.2021ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ഓഫീസർ റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചിരുന്നു. ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിയാൽ ഈ മേഖലയിലേക്കു വിനോദ സഞ്ചാരികളെ ആകർഷിക്കാനാവുമെന്നും അതിനായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പുവരുത്തി വിശദ പദ്ധതി രേഖ തയാറാക്കുന്നതിനുള്ള ജില്ലാ ഓഫിസറുടെ ശിപാർശ സർക്കാരിൽ ലഭ്യമാവുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |
| (ബി) | ഇതിനായി ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | പദ്ധതിക്കായി ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയിട്ടില്ല. എന്നാൽ അഴീക്കൽ, വലിയഴീക്കൽ മേഖലയിലെ വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് ഹാർബർ എൻജിനീയറിങ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് ടൂറിസം വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരികയാണ്. |
| (സി) | വലിയഴീക്കൽ ബീച്ച് സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻ വർദ്ധനവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഇവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കാമോ? | (സി) | വലിയഴീക്കൽ ബീച്ച് സന്ദർശിക്കുന്ന സഞ്ചാരികളുടെ എണ്ണത്തിൽ വർധന ഉണ്ടായ സാഹചര്യത്തിൽ സഞ്ചാരികൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള ശിപാർശകൾ ലഭ്യമാവുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ